**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1141 06.02.2020 -ൽ മറുപടിക്ക്**

**വൈലോങ്ങര-ഓരോടം പാലം ബൈപാസ് നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ :** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച വൈലോങ്ങര-ഓരോടം പാലം ബൈപാസ് നിർമ്മാണത്തിന്റെ കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്;

(എ) & (ബി) വൈലോങ്ങര ഓരോടം പാലം ബൈപ്പാസിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി പദ്ധതിക്കായി 12.02 കോടി രൂപയുടെ അനുമതി 22.05.2018 ന് നൽകുകയും ചെയ്തു. തുടർന്ന് ആർ.ബി.ഡി.സി.കെ. ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ 12.02.2018 ന് മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. എന്നാൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ സ്ഥല ഉടമകളുടെ എതിർപ്പിനെ തുടർന്ന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥല ഉടമകളായ ഖാലിദും റഷീദും ബഹു.കേരള ഹൈക്കോടതിയിൽ അലൈൻമെന്റിന് എതിരെ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് (WPC 29212/2018 & 29180/2018) ഇതിൽ ബഹു.ഹൈക്കോടതി കക്ഷികളുടെ പരാതി കേട്ട് തീരുമാനമെടുക്കണം എന്ന് ഉത്തരവിട്ടു. തുടർന്ന് 02.11.2018 ന് അവരുടെ പരാതി തീർപ്പാക്കി.

പിന്നീട് സ്ഥല ഉടമകളായ കുഞ്ഞഹമ്മദ്, ഫാത്തിമ റംല, മുഹമ്മദ് മുനീർ, ഹനീഫ തുടങ്ങിയവരും കോടതിയെ

| | |
|---|---|
| | സമീപിക്കുകയും ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പരാതിക്കാരുടെ പരാതികൾ ആർ.ബി.ഡി.സി.കെ. കേൾക്കുകയും പരാതിക്കാരെ മറുപടി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ 30-12-2019 ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. തുടർച്ചയായ വ്യവഹാരങ്ങൾ നടന്നതിനാലാണ് സ്ഥലമേറ്റെടുപ്പ് നടപടികൾ വൈകിയത്. |
| (സി) ഇതിന്റെ നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണങ്ങൾ ഗൗരവമായി സർക്കാർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**